(ബി) ഈ ജില്ലയിലെ ആസ്ട്രൽ വാച്ചസ് കമ്പനി പുനരുദ്ധരിച്ച് വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജില്ലയിലെ കെൽ എന്ന സ്ഥാപനം വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവിടെ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാമാണെന്നും എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവയിൽ ഒന്ന് ആസ്ട്രൽ വാച്ചസ് ലിമിറ്റഡും, മറ്റൊന്ന് കേരള ഇലക്ട്രിക്കൽ അലയ്ഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡും ആണ്.

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(സി) കെൽ എന്ന സ്ഥാപനത്തിന്റെ കാസർഗോഡ് യൂണിറ്റിനുവേണ്ടി ഒരു കോർപ്പറേറ്റ് പ്ലാൻ തയ്യാറാക്കി യൂണിറ്റിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി ആന്റ് ഇ) ഉണ്ട്. കെ. എസ്. ഐ. ഡി. സി.-യും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Gail-ഉം ചേർന്ന് "കാസർഗോഡ് പെട്രോകെമിക്കൽസ്" തുടങ്ങാൻ ധാരണയായിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ നടപടി

22 [2149] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ യോഗ തീയതികൾ, തീരുമാനങ്ങൾ എന്നിവ വിശദമാക്കുമോ;

(സി) ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിന് സഹായകമായി എടുത്ത പ്രധാന തീരുമാനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കശുവണ്ടി വികസന കോർപ്പറേഷന് ലഭ്യമാക്കിയ സഹായങ്ങൾ യഥാസമയം പ്രയോജനപ്പെടുത്തി തൊഴിലാളികൾക്ക് പൂർണ്ണതോതിൽ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിവതും വേഗം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജായി 12 കോടി രൂപ നൽകി. കൂടാതെ ബാങ്ക് ബാദ്ധ്യതയായി നിജപ്പെടുത്തിയ 107.57 കോടി രൂപ പലിശ സഹിതം ദീർഘകാല വായ്പയായി മാറ്റി അഞ്ചു ഗഡുക്കളായി നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ ഗഡുവായി പത്തുകോടി രൂപ നൽകിക്കഴിഞ്ഞു. ബാങ്കുകളിൽനിന്നും തുടർന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്ക് 50 കോടി രൂപ പാക്കിംഗ് ക്രെഡിറ്റ് ലിമിറ്റിനും 25 കോടി രൂപ ലറ്റർ ഓഫ് ക്രെഡിറ്റ് ലിമിറ്റിനും മൂന്നു വർഷത്തേക്ക് സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്.

(ബി) ധനകാര്യ സ്ഥാപനങ്ങളുടെ കൺസോർഷ്യം മേധാവികളുമായും തൊഴിലാളിയൂണിയൻ പ്രതിനിധികളുമായും സർക്കാർ പല പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്, വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) (1) ബാങ്ക് ബാദ്ധ്യതയായി 107.57 കോടി രൂപയും ആയതിന്റെ പലിശയും ബാങ്കുകൾക്ക് അഞ്ച് വാർഷിക ഗഡുക്കളായി നൽകാൻ തീരുമാനിച്ചു.

(2) ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി 50 കോടി രൂപ ക്യാഷ് ക്രെഡിറ്റ്, 25 കോടി രൂപയുടെ ലറ്റർ ഓഫ് ക്രെഡിറ്റ് എന്നിവയ്ക്കും സർക്കാർ ഗ്യാരണ്ടി നൽകി.

(3) സ്റ്റാഫ് എണ്ണം, തൊഴിലാളികളുടെ എണ്ണം എന്നിവ കുറയ്ക്കുന്നതുമൂലം പ്രതിവർഷം 2.50 കോടി രൂപയുടെ ചെലവ് കുറയുന്നതാണ്.

(ഡി) ബാങ്കുകൾക്ക് നൽകുവാനുള്ള മുൻബാദ്ധ്യത തീർക്കാതെ വീണ്ടും സാമ്പത്തിക സഹായം നൽകാൻ ബാങ്കുകൾ വിസമ്മതിച്ചതിനാലാണ് തൊഴിലാളികൾക്ക് പൂർണ്ണതോതിൽ തൊഴിൽ നൽകാനാവാതിരുന്നത്.

(ഇ) ബാങ്കുകൾക്ക് നൽകാനുള്ളത് ദീർഘകാല വായ്പയാക്കി മാറ്റുന്നതിനും പുതിയ വായ്പ ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാനും നടപടികൾ നടന്നുവരുന്നു.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly